**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 288** **07.08.2017-ൽ മറുപടിയ്ക്ക്**

**എം.ബി.ബി.എസ് കോഴ്സിന് ഗവൺമെന്റ് മെരിറ്റ് സീറ്റിലെ ഫീസ് ഘടന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ് :** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | 2017-18 അധ്യയനവർഷം എം.ബി.ബി.എസ് കോഴ്സിന്റെ ഗവൺമെന്റ് മെരിറ്റ് സീറ്റിലെ ഫീസ് ഘടന വിശദമാക്കുമോ ; | (എ) | സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന സ്വാശ്രയ കോളേജുകളിൽ സർക്കാർ മെറിറ്റ് സീറ്റിലെ ഫീസ് 2,50,000 രൂപയാണ്. കരാറിൽ ഏർപ്പെടാത്ത കോളേജുകളിലെ NRI ഒഴികെയുള്ള എല്ലാ സീറ്റുകളിലെയും ഫീസ് 5 ലക്ഷം രൂപയായാണ് താല്ക്കാലികമായി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | മുൻവർഷത്തേക്കാൾ ഫീസിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) | സർക്കാരുമായി കരാറിൽ ഏർപ്പെടുന്ന കോളേജുകളിൽ സർക്കാർ മെറിറ്റ് സീറ്റിലെ ഫീസ് ഈ വർഷവും 2,50,000/ രൂപയായി തുടരുന്നതാണ്. കഴിഞ്ഞ വർഷം കരാർ പ്രകാരമുള്ള ഫീസാണ് നിലനിന്നിരുന്നത് എന്നതിനാൽ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഈ വർഷത്തെ ഫീസുമായി താരതമ്യം ചെയ്ത് വർദ്ധനവ് വിലയിരുത്താൻ കഴിയില്ല. |
| (സി) | ഈ വർഷം പുതുതായി ലഭിച്ച എം.ബി.ബി.എസ് സീറ്റുകളുടെയും നിലവിൽ നഷ്ടപ്പെട്ട സീറ്റുകളുടെയും എണ്ണം വിശദമാക്കുമോ ? | (സി) | സർക്കാർ മേഖലയിൽ സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല 100 സീറ്റുകൾ അധികമായി ലഭിച്ചു. സ്വകാര്യമേഖലയിൽ ഈ വർഷം അംഗീകാരം ലഭിക്കാത്ത സീറ്റുകൾ 750 |

സെക്ഷൻ ഓഫീസർ